പുസ്തകം ● ജമാൽ കടന്നപ്പള്ളി

# ആമിന വദൂദ് പറയുന്നത്

**ആൺകോയ്മയിലധിഷ്ഠിതമായ** ഇസ്‌ലാംഭാഷ്യങ്ങളെ വിചാരണ ചെയ്തുകൊണ്ടാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിൽ മുസ്‌ലിം രാജ്യങ്ങളിൽ സ്ത്രീവാദ പ്രസ്ഥാനങ്ങൾ ഉടലെടുത്തത്.

'ഇസ്‌ലാമിക ഫെമിനിസം' ഒരു വർത്തമാന യാഥാർഥ്യമാണ്. 'സ്ത്രീവാദ'മെന്നാൽ പാശ്ചാത്യ റാഡിക്കൽ ഫെമിനിസം മാത്രമാണെന്ന വർഗീകരണത്തിന് ഇന്ന് പ്രസക്തിയില്ല. മുസ്‌ലിം വനിതക്കും ലിംഗനീതിക്കുവേണ്ടി ഒച്ച വെക്കാൻ അവകാശമുണ്ട്. അതുകൊണ്ടുതന്നെ വസ്തുതകൾ കാണുന്നതാണ് നീതി. ലോകത്തിന്റെ വിവിധ കോണുകളിൽ ഉയർന്നുവന്ന സ്ത്രീവാദ പ്രത്യയശാസ്ത്ര വൈവിധ്യങ്ങളിൽ പ്രഥമസ്ഥാനം തന്നെ ഇസ്‌ലാമിക സ്ത്രീവാദത്തിനുണ്ട്. ഫാത്വിമാ മെർനീസിയെ പോലുള്ള റാഡിക്കലുകൾ, ലൈലാ അഹ്മദിനെ പോലെ സങ്കുചിത തീവ്ര മതേതരവാദക്കാർ, മാർഗോ ബദ്‌റാനെ പോലെ സാമ്രാജ്യത്വ സേവ ചെയ്യുന്നവർ..... വ്യത്യസ്ത ചിന്താപരിസരങ്ങൾ അടയാളപ്പെടുത്തുന്ന ഇവരുടെയെല്ലാം രചനകൾക്ക് ലോക മാർക്കറ്റിൽ വായനയും ചർച്ചയുമുണ്ട്.

അത്തരം എഴുത്തുകാരിൽ ഒരാളാണ് ആമിന വദൂദ്. അമേരിക്കയിൽ കുടിയേറിയ ആഫ്രിക്കൻ വംശജയായ ആമിന വദൂദ് അന്വേഷണബുദ്ധിയിലൂടെ ഇസ്‌ലാമിനെ കണ്ടെത്തിയ ആളാണ്. അവരുടെ പ്രശസ്ത കൃതിയാണ് 'ഖുർആൻ ഒരു പെൺവായന' (Qur'an &Women). 1986 മുതൽ 1992 വരെ നടത്തിയ ഗവേഷണത്തിന്റെ ഫലമാണ് ഈ കൃതിയെന്ന് ഗ്രന്ഥകാരി പറയുന്നുണ്ട്. തീർച്ചയായും അതിന്റെ ആഴവും പരപ്പും ഈ കൃതിയെ കനപ്പെട്ട രചനയാക്കിയിരിക്കുന്നു. പതുക്കെപ്പതുക്കെ ലോകത്തിന്റെ നാനാ ഭാഗങ്ങളിലേക്ക് ഈ ഗ്രന്ഥം തല നീട്ടുന്നുണ്ട്. അവിടങ്ങളിലെല്ലാം ചൂടുള്ള വിവാദങ്ങൾക്കും ഈ പുസ്തകം വഴിമരുന്നിട്ടു. അതിനിടയിലാണ് വെള്ളിയാഴ്ചയിലെ പ്രാർഥനക്ക് (ജുമുഅ) നേതൃത്വം നൽകി ആമിന വദൂദ് മാധ്യമങ്ങളിൽ കത്തിനിന്നത്. ഈ 'എടുത്തു ചാട്ട'ത്തെ ഡോ. യൂസുഫുൽ ഖറദാവിയെ പോലുള്ള നിരവധി പണ്ഡിതന്മാർ വിമർശിച്ചപ്പോൾതന്നെ ജമാൽ ബന്നയെ പോലുള്ളവർ ന്യായീകരിച്ചതും വാർത്തയായി.

ആമിന വദൂദിന്റെ വിശകലനത്തിന്റെ പ്രത്യേകത, അവർ തന്റെ ചിന്തകൾക്ക് ആധാരമാക്കുന്നത് ദിവ്യഗ്രന്ഥത്തെയാണെന്നതാണ്. അവരുടെ തന്നെ വാക്കുകൾ: ''ഏതു കാലത്തും മനുഷ്യനു

●

**ഖുർആൻ ഒരു പെൺവായന**
ആമിന വദൂദ്
വിവ: ഹഫ്സ
പ്രസാധനം: അദർ ബുക്സ്
വില 125. പേജ് 218.



പിന്തുടരാൻ കഴിയുന്ന മാർഗദർശനമാണ് ഖുർആന്റേത്. അതിൽ യുക്തിയുണ്ട്. നീതിയുണ്ട്. എന്നാൽ ഖുർആന്റെ മാർഗ നിർദേശങ്ങൾ പിന്തുടർന്ന് ജീവിതത്തെ യഥാതത്ത്വം മാറ്റിത്തീർക്കണമെങ്കിൽ ഖുർആന്റെ പ്രപഞ്ചവീക്ഷണം ആകപ്പാടെയെടുത്തുകൊണ്ടുള്ള വ്യാഖ്യാനങ്ങൾ ഓരോതലമുറയിലും ഉണ്ടായിവരണം. എന്റെ ഈ പഠനം അതിലേക്കുള്ള ചുവട് വയ്പ്-ഖുർആനികാധ്യാപനങ്ങൾക്ക് വർത്തമാനകാലത്ത് പ്രസക്തിയുണ്ടെന്നും ഭാവിയിലും അത് യാഥാർഥ്യങ്ങളുമായി പൊരുത്തപ്പെട്ടുപോവുമെന്നും വ്യക്തമാക്കാൻ എന്റെ രീതി വഴികാട്ടുമെന്നാണ് പ്രത്യാശ." മാത്രമല്ല ഇസ്‌ലാമികവിരുദ്ധ ശക്തികളെ അതീവ ജാഗ്രതയോടെയാണ് ആമിന വദൂദ് സമീപിക്കുന്നത്: "ഇസ്‌ലാമിനെ സംബന്ധിച്ച പഠനങ്ങളിൽ നുഴഞ്ഞുകയറി സത്യത്തെ വളച്ചൊടിച്ച് വികൃതപ്പെടുത്താൻ പാശ്ചാത്യർക്ക് ഒരു പഴുതും നൽകുന്നില്ല ഈ പുസ്തകം" (പേജ് 41).

താൻ ഉന്നയിക്കുന്ന വിഷയങ്ങളിൽ അഗാധമായ അറിവ് നേടാൻ ഗ്രന്ഥകാരി ശ്രമിച്ചിട്ടുണ്ട്. വിശുദ്ധ ഖുർആൻ സൂക്തങ്ങൾ കൊണ്ടല്ലാതെ തന്റെ ഒരു വീക്ഷണത്തെ അവർ സ്ഥിരപ്പെടുത്തുന്നില്ല. പ്രവാചക ചര്യയുടെ ഋജുമാർഗമാണ് അതെന്ന് തെര്യപ്പെടുത്തുന്നുമുണ്ട്. ഒപ്പം പ്രാചീനരും ആധുനികരുമായ നിരവധി പണ്ഡിത പ്രതിഭകളെ ഉദ്ധരിക്കുന്നുമുണ്ട്. വിശുദ്ധ ഖുർആനും ഖുർആൻ വ്യാഖ്യാനങ്ങളും രണ്ടാണെന്ന വസ്തുത ഗ്രന്ഥകാരി പേർത്തും പേർത്തും നമ്മെ തെര്യപ്പെടുത്തുന്നു. സ്ഥലകാലങ്ങൾ പരിഗണിക്കാതെ ഖുർആൻ കൈയാളുന്നവർ ദൈവവചനത്തോട് അനീതി കാട്ടുകയാണ്. ഇക്കാര്യത്തിൽ ഇമാം സമഖ്ശരിയെപ്പോലുള്ള അതുല്യ പ്രതിഭകളോടു പോലും ഏറ്റുമുട്ടാൻ ആമിന വദൂദ് മടിക്കുന്നില്ല.

ഭൂമിയിലെ ഖലീഫ എന്ന പദവി ആണുങ്ങൾക്ക് മാത്രം ബാധകമാണോയെന്ന പൊള്ളുന്ന ചോദ്യമുയർത്തിക്കൊണ്ടാണ് ആമിന വദൂദ് തന്റെ കൃതി ആരംഭിക്കുന്നത്. തുടർന്ന് വിശുദ്ധ ഖുർആന്റെ വെളിച്ചം സ്ത്രീകൾക്ക് തടഞ്ഞുവെച്ച ആൺ കേന്ദ്രീകൃത വ്യാഖ്യാനങ്ങളെയും പൗരോഹിത്യത്തെയും അവർ നിശിതമായി വിചാരണ ചെയ്യുന്നു. ഒപ്പം സമകാലിക സ്ത്രൈണ ജീവിതത്തിനും കാലഘട്ടത്തിനുമൊത്ത് വിശുദ്ധ ഖുർആൻ സൂക്തങ്ങൾ വായിച്ചെടുക്കുകയും ചെയ്യുന്നു.

ലിംഗനീതി, സ്ത്രീ-പുരുഷ സമത്വം, സ്ത്രീയുടെ ഭരണാധികാരം, സ്ത്രീസാക്ഷ്യം, ബഹുഭാര്യാത്വം, സന്താനപരിപാലനം, സ്ത്രീയുടെ സാമൂഹിക ഇടപെടൽ, സ്വത്തവകാശം, ജോലി... ഇങ്ങനെ കാലിക പ്രസക്തങ്ങളും സ്ത്രീസംബന്ധിയുമായ ഒട്ടുമിക്ക കാര്യങ്ങളും ഗ്രന്ഥകാരി ചർച്ചക്ക് വിധേയമാക്കുന്നുണ്ട്. സ്ത്രീ-പുരുഷ അതിർവരമ്പുകൾ സൃഷ്ടിക്കുന്നുവെന്ന് കരുതപ്പെടുന്ന നഫ്സ്, സൗജ്, ജഅല, ദറജ, ഫദ്ദല, ഖവ്വാമ തുടങ്ങിയ ഖുർആനിക ശബ്ദങ്ങളെ ഭാഷാപരമായി ഇഴപിരിച്ചു പരിശോധിക്കുകയാണ് ആദ്യഘട്ടം.

ആമിന വദൂദ് മുന്നോട്ടുവെക്കുന്ന നവീന ആശയങ്ങളിൽ ഒന്നു രണ്ടെണ്ണം മാത്രം ഉദ്ധരിക്കാം. ബഹുഭാര്യാത്വത്തെക്കുറിച്ച വിശുദ്ധ ഖുർആൻ, നാലാമധ്യായം മൂന്നാം വാക്യത്തെപ്പറ്റി അവർ കുറിക്കുന്നു: "ഈ സൂക്തത്തെ കുറിച്ച് ആദ്യമേ നാം ഗ്രഹിക്കേണ്ട സത്യമിതാണ്: അനാഥ കുട്ടികളുടെ സംരക്ഷണത്തിൽ ഉയർന്നുവന്ന പ്രശ്നങ്ങൾക്കുള്ള ഒരു പരിഹാരമായാണ് ഈ സൂക്തം അവതരിപ്പിക്കുന്നത്" (പേജ് 177). ഈ അവസ്ഥയെ വലിച്ചുനീട്ടി എല്ലാ കാലത്തെയും എല്ലാ പെണ്ണുങ്ങൾക്കും ബാധകമാക്കിയത് ശരിയല്ലെന്ന് അവർ തുടർന്ന് നിരീക്ഷിക്കുന്നു. വിശുദ്ധ ഖുർആന്റെ സമഗ്ര കാഴ്ചപ്പാട് മുന്നിൽ വെക്കുമ്പോൾ ബഹുഭാര്യാത്വം അനീതിയാണ്. മാത്രമല്ല ഏകപത്നീവ്രതത്തെയാണ് ഖുർആൻ അഭികാമ്യമായി കാണുന്നത്. ഒപ്പം നിരവധി മുസ്‌ലിം രാഷ്ട്രങ്ങൾ ബഹുഭാര്യാത്വം നിരോധിച്ച വസ്തുതയും അവർ എടുത്തുകാട്ടുന്നു.

സുരസുന്ദരി(ഹൂറുൽഈൻ)കളെ കുറിച്ച പരമ്പരാഗത ധാരണയെ ആമിന വദൂദ് അട്ടിമറിക്കുന്നത് ഇങ്ങനെ: "ചില ഖുർആൻ വ്യാഖ്യാതാക്കൾ പറഞ്ഞുവെച്ചത് ശ്രദ്ധിച്ചാൽ കഷ്ടം തോന്നും. കുറ്റമറ്റ കൂട്ടാളികൾ (അസ്വാജ് എന്ന ബഹുവചനം) സ്വർഗത്തിൽ കാത്തിരിപ്പുണ്ട് ഭക്തജനങ്ങളെ എന്നാണല്ലോ ഖുർആൻ പറയുന്നത്. ഇതിൽനിന്ന് മനസ്സിലാക്കേണ്ടത്, ഒരു ഭക്ത ശിരോമണിക്ക് സ്വർഗത്തിൽ പോയി ഒരുപാട് തരുണീ മണികളോടൊത്ത് ക്രീഡിക്കാൻ അവസരം നൽകും എന്നാണുപോലും... ഈ അസംബന്ധവിശ്വാസം വരുന്ന വഴി രണ്ടാണ്: ഒന്നാമതായി കൂട്ടാളികൾ (അസ്വാജ്) എന്ന പരാമർശം ഒറ്റക്കെടുക്കുന്നു. എന്നാൽ ഖുർആനിൽ കൂട്ടാളികൾ (അസ്വാജ്) എന്നു പരാമർശിക്കപ്പെട്ടതെല്ലാം അതിനു മുമ്പേ ഒരു ബഹുവചന നാമപദം ഉണ്ടാവും: 'സത്യവിശ്വാസികൾക്ക്' (എന്നോ അതുപോലുള്ളതോ) എന്നു വെച്ചാൽ, സ്വർഗത്തിൽ കൂട്ടാളികൾ കാത്തിരിക്കുന്നത് സത്യവിശ്വാസികളെയാണ് (ആണുങ്ങളെയും പെണ്ണുങ്ങളെയുമാണെന്ന്). അല്ലാതെ, ഓരോ ആണിനെയും ഒരുപറ്റം തരുണീമണികൾ സ്വർഗത്തിൽ കാത്തിരിക്കുന്നുണ്ട് എന്നല്ല" (പേജ് 137). മാത്രമല്ല ഹൂറുകൾ ജാഹിലീ അറബികളുടെ ഒരു ഭാവനയായിരുന്നുവെന്നും പ്രസ്തുത ഭാവനക്കൊത്തുള്ള യൗവനയുക്തകളെ സ്വർഗത്തിലും ലഭിക്കുമെന്ന് പറഞ്ഞുകൊണ്ട് അവരെ സംയമനം ശീലിപ്പിക്കുകയായിരുന്നു മക്കാ കാലഘട്ടത്തിൽ വിശുദ്ധ ഖുർആൻ ചെയ്തതെന്നും അവർ നിരീക്ഷിക്കുന്നു. അതുകൊണ്ടുതന്നെ മദനീ സൂക്തങ്ങളിൽ ഒരിക്കൽ പോലും ഖുർആൻ 'ഹൂറുൽഈൻ' എന്നു പ്രയോഗിക്കുന്നില്ലെന്ന് ഗ്രന്ഥകാരി കണ്ടെത്തുന്നു.

സ്ത്രീ സാക്ഷ്യത്തെപ്പറ്റി ഗ്രന്ഥകാരി എഴുതുന്നു: "ഈ സൂക്തത്തിലെ (2:282) വാചകരീതിയിൽനിന്ന് വ്യക്തമാകുന്നത് രണ്ടു പെണ്ണുങ്ങളും സാക്ഷികളായാണ് വിളിക്കപ്പെടേണ്ടത് എന്നല്ല. സാക്ഷി നിൽക്കുന്ന പെണ്ണിന് പിശക് പറ്റുമ്പോൾ ഓർമിപ്പിക്കാൻ വേണ്ടിയാണ് രണ്ടാമതൊരുവൾ. സാക്ഷിമൊഴി സത്യമാണെന്ന് ഉറപ്പ് നൽകുകയാണ് അവൾ ചെയ്യേണ്ടത്" (പേജ് 180).

ഭൂമിയിൽ തൊഴിൽപരമായ ഒരു വിവേചനവും ഖുർആൻ അംഗീകരിക്കുന്നില്ലെന്ന് ആമിന വദൂദ് പറയുന്നു. അഥവാ ഖുർആൻ ഒരിക്കലും സ്ത്രീയെ 'കുഞ്ഞുങ്ങളെ പോറ്റുന്നവളായി' മാത്രം ചിത്രീകരിച്ചിട്ടില്ല. എന്നല്ല, സന്താന പരിപാലനം പുരുഷന്മാരുടെ കൂടി ബാധ്യതയാണ്.

ഈ കൃതിയിലെ എല്ലാ നിഗമനങ്ങളോടും നമുക്ക് യോജിപ്പുണ്ടാവണമെന്നില്ല. അത് സാധ്യവുമല്ല. പക്ഷേ, സ്ത്രീശാക്തീകരണത്തിന്റെ ഈ 'ഇജ്തിഹാദീ വായന' നമ്മുടെ ചിന്താമണ്ഡലത്തെ സജീവമാക്കുകയും കാലിക ഖുർആൻ വ്യാഖ്യാനത്തെക്കുറിച്ച് ഓർമപ്പെടുത്തുകയും ചെയ്യും.

ഹഫ്സയാണ് മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്തിരിക്കുന്നത് ■